## പ്രസിദ്ധീകരണത്തിന്

ജാതിമതഭേദമെന്യേ ശബരിമലയിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പാലിച്ചുകൊണ്ട് ഏതൊരു ഈശ്വരവിശ്വാസിക്കും ദർശനം നടത്താവുന്ന കാനനക്ഷേത്രമാണ് ശബരിമല അയ്യപ്പക്ഷേത്രം. ആണ്ടുതോറും കോടിക്കണക്കിന് ഭക്തജനങ്ങൾ അവിടുത്തെ ആചാരങ്ങൾ പാലിച്ചുകൊണ്ട് സമാധാനപരമായി ദർശനം നടത്തിപോരുന്ന പതിവാണ് അവിടെ നിലനിന്നിരുന്നത്. എന്നാൽ ഇത്തവണത്തെ അനുഭവം മറിച്ചാണ്. ഭക്തജനങ്ങൾ ശബരിമലയിലേക്ക് എത്താൻതന്നെ മടിക്കുന്നു. എത്തുന്നവർക്ക് അനുഭവിക്കേണ്ടിവരുന്ന യാതനകൾ പലതാണ്. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത നിയന്ത്രണങ്ങളാണ് സുരക്ഷയുടെ പേരിൽ അവിടെ ഏർപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ പോലീസ്ഭരണമാണ് അവിടെ നടക്കുന്നത്. ഭക്തർക്ക് പകൽസമയത്തുപോലും യഥേഷ്ടം പമ്പയിലോ സന്നിധാനത്തോ എത്താൻ അനുവാദം നിഷേധിക്കുന്നു. അതേസമയം, അവിടെ എത്തുന്ന ഭക്തർക്ക് പ്രാഥമികആവശ്യങ്ങൾക്കോ കുടിവെള്ളം, ഭക്ഷണം എന്നിവയ്ക്കോ വിരിവെച്ച് വിശ്രമിക്കുന്നതിനോ പോലുമുള്ള സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.

ശബരിമലയിലെ യുവതീപ്രവേശനം സംബന്ധിച്ച വിധിയുടെ നിയമനിർമ്മാണം നടക്കുന്ന അവസരത്തിൽതന്നെ ഭരണഘടനാബഞ്ചിലെ ഏക വനിതാ അംഗം മാറിനിന്നത് ശ്രദ്ധേയമാണ്. തന്നെയുമല്ല, തങ്ങൾക്കു വേണ്ടത് ശബരിമലയിലെ പ്രവേശനസ്വാതന്ത്ര്യം അല്ല, ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണമാണ് എന്നാവശ്യപ്പെട്ട് തുടക്കംമുതലേ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ബഹുഭൂരിപക്ഷം സ്ത്രീകളും ഈ വിധിക്കെതിരെ നാമജപപ്രതിഷേധവുമായി രംഗത്തുവരികയും ചെയ്തു. ഈ സാഹചര്യത്തിൽപോലും റിവ്യൂ ഹർജി ഫയൽ ചെയ്യുന്നതിനോ സാവകാശഹർജി നല്കുന്നതിനോ ദേവസ്വം ബോർഡോ സംസ്ഥാനസർക്കാരോ തയ്യാറാകാതെ, തിടുക്കത്തിൽ വിധി നടപ്പാക്കാനുള്ള അവരുടെ ശ്രമമാണ് ശബരിമലയിലെ ഇന്നത്തെ അവസ്ഥയ്ക്ക് യഥാർത്ഥ കാരണം.

വിശ്വാസികളുടെ വികാരം കണക്കിലെടുക്കാതെ, ഒരു യുദ്ധസമാനമായ രീതിയിൽ പോലീസിനെ വിന്യസിച്ച്, അവരുടെ നിയന്ത്രണത്തിലൂടെ കാര്യങ്ങൾ നടത്തിയെടുക്കാനുള്ള സംസ്ഥാനസർക്കാരിന്റെ അന്യായമായ നീക്കമാണ് കാര്യങ്ങൾ കൂടുതൽ വഷളാക്കിയിരിക്കുന്നത്.

ആചാരങ്ങൾ പാലിച്ചുവരുന്ന ഭക്തരെ യാതൊരു നീതീകരണവുമില്ലാതെ, അകാരണമായി തടയുകയും അവരെ അറസ്റ്റുചെയ്ത് ലോക്കപ്പിലാക്കുകയും ചെയ്യുന്ന നടപടി പ്രശ്നങ്ങൾക്ക് പരിഹാരമല്ലെന്നും അത് കൂടുതൽ സങ്കീർണ്ണതയ്ക്കേ വഴിതെളിക്കുകയുള്ളു എന്നും ബന്ധപ്പെട്ടവർ മനസിലാക്കുന്നത് നന്നായിരിക്കും.

പെരുന്ന
18.11.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി